# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ: ഇ.ബി (1) 3/2017 തിരുവനന്തപുരം, തീയതി, 08.05.2017
website : www.cooperation.kerala.gov.in
e-mail : keralarcs@gmail.com

വിഷയം : സഹകരണ വകുപ്പ് – ജീവനക്കാര്യം – സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ – ശ്രീമതി. എം. എസ്. സുധാദേവിയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് – സ്ഥലം മാറ്റം – ചുമതല ഏറ്റെടുക്കുന്നതിനും, കൈമാറുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം : സർക്കാർ ഉത്തരവ് (സാധാ) നം. 233/2017/സഹ. തീയതി, 05.05.2017.

.....

മേൽ പരാമർശ പ്രകാരം സസ്പെൻഷനിൽ ആയിരുന്ന ജോയിന്റ് രജിസ്ട്രാർ ശ്രീമതി. എം.എസ്. സുധാദേവിയെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ തസ്തികയിൽ നിയമിച്ചുകൊണ്ടും, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. ശകുന്തള. കെ. യെ എറണാകുളം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ മാറ്റി നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ചുമതല ഏറ്റെടുക്കുന്നതിനും, കൈമാറുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

പത്തനംതിട്ട ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ള ശ്രീമതി. എം.എസ്. സുധാദേവി ടി തസ്തികയുടെ ചുമതല നിലവിൽ പത്തനംതിട്ട ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ തസ്തികയുടെ ചുമതല വഹിച്ചു വരുന്ന ശ്രീമതി. ശകുന്തള. കെ. യിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

ശ്രീമതി. ശകുന്തള. കെ. വഹിച്ചു വരുന്ന പത്തനംതിട്ട ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ തസ്തികയുടെ ചുമതല ശ്രീമതി. എം.എസ്. സുധാദേവിയ്ക്ക് കൈമാറിയശേഷം എറണാകുളം ജോയിന്റ് ഡയറക്ടർ

(ആഡിറ്റ്) തസ്തികയുടെ ചുമതല ടി തസ്തികയുടെ അധിക ചുമതല വഹിച്ചു വരുന്ന എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും ഏറ്റെടുക്കേണ്ട താണ്.

ടി ഉത്തരവിന് അടിയന്തിര പ്രബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ആഫീസർമാർ വഹിച്ചുവരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/തസ്തികകളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയ തിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യ പ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ആഫീസർമാർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയ തിന്റെയും, ഏറ്റെടുത്തതിന്റെയും ചുമതല കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, ഗവൺമെന്റ് സെക്രട്ടറി സഹകരണ വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് അയക്കേണ്ടതാണ്.

(ഒപ്പ്)
സി.എം. അജേയ്യമോഹൻ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖാന്തിരം)

പകർപ്പ്: –

1) അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി സഹകരണ(എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറി യേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5) ജില്ലാ ട്രഷറി ആഫീസർ, പത്തനംതിട്ട, എറണാകുളം
6) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)